# KHM HIGHER SECONDARY SCHOOL,VALAKKULAM

## FIRST MIDTERM EVALUATION - 2023

## PHYSICS

**Time: 40 Minutes** **STD: X** **Max.Marks:20**

---

**ബന്ധം കണ്ടെത്തി പൂരിപ്പിക്കുക**

1, ബൾബ്: പ്രകാശ ഫലം
ഫ്യൂസ് വയർ:--- (1)

**ഒറ്റപ്പെട്ടത് കണ്ടെത്തുക**

2, a) $H=I^2Rt$ H=P/t, H=VIt. $H=(V^2/R)t$ (1)
b) വൈദ്യുത ഇസ്തിരിപ്പെട്ടി, മിക്സി, ഹീറ്റർ, ഇൻഡക്ഷൻ കുക്കർ (1)

3, ഫിലമെന്റ് ലാമ്പുകളിൽ ഫിലമെന്റ് ആയി നിക്രോം ഉപയോഗിക്കാത്തതിന്റെ കാരണം എന്ത് ? (1)

4, ഫ്യൂസ് വയർ ഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഏതെങ്കിലും രണ്ട് കാര്യങ്ങൾ എഴുതുക. (1)

5, സെർക്യൂട്ടിൽ അമിതമായി വൈദ്യുത പ്രവാഹം ഉണ്ടാകുന്ന സാഹചര്യങ്ങൾ ഏതെല്ലാം ? (1)

6, ജൂൾ നിയമം പ്രസ്താവിക്കുക. (2)

7, എന്തെല്ലാം സവിശേഷതകൾ ഉള്ളതുകൊണ്ടാണ് ടങ്സ്റ്റൺ ഫിലമെന്റായി ഉപയോഗിക്കുന്നത് ? (2)

8, "LED ബൾബുകൾ ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നു". LED ബൾബിന്റെ ഏതെങ്കിലും നാല്മേന്മകൾ എഴുതുക. (2)

9, പ്രതിരോധം കുറഞ്ഞ ഹീറ്റർ കൂടുതൽ ചൂടാകുന്നതിന്റെ കാരണം വിശദീകരിക്കുക. (2)

10,115 ഓം പ്രതിരോധമുള്ള ഒരു താപന ഉപകരണത്തിലൂടെ 2A വൈദ്യുതി പ്രവഹിക്കുന്നുവെങ്കിൽ ഉപകരണത്തിന്റെ പവർ എത്ര ? (2)

11. 4ഓം,2ഓം പ്രതിരോധകങ്ങൾ ശ്രേണിയിൽ ഘടിപ്പിക്കുന്നു.
a) സർക്യൂട്ട് ഡയഗ്രം വരയ്ക്കുക. (1)
b) സഫല പ്രതിരോധം കണക്കാക്കുക. (1)
c) ഈ സർക്യൂട്ട് 12V വൈദ്യുത സ്രോതസ്സുമായി ബന്ധിപ്പിച്ചാൽ അമീറ്റർ റീഡിങ് ( കറന്റ് )എത്ര ? (2)